# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1637 **05.02.2019 ൽ** മറുപടിക്ക്

### ഫ്ലക്സ് നിരോധനം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ.എൻ.എ ഖാദർ** | **എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |

| | | |
| --- | --- | --- |
| എ) | പുനരുപയോഗിക്കാൻ കഴിയാത്ത പോളിവിനൈൽ ക്ലോറൈഡ് (പി.വി.സി.) ഫ്ലക്സ് നിരോധനം തത്വത്തിൽ അംഗീകരിച്ചതിനു ശേഷം കഴിഞ്ഞ എട്ട് മാസകാലയളവിൽ ഈ വിഷയത്തിൽ തദ്ദേശ സ്വയഭരണ വകുപ്പ് സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കാമോ; | എ) തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8.5.2018 ൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ ഒരു യോഗം വിളിച്ചു ചേർക്കുകയും, പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതും റീസൈക്കിൾ ചെയ്യാൻ കഴിയാത്തതുമായ പി.വി.സി ഫ്ലക്സിന് പകരം, പരിസ്ഥിതി സൗഹൃദമായ റീസൈക്കിൾ ചെയ്യാൻ പറ്റുന്ന പോളി എഥിലീൻ (പോളിത്തീൻ) പോലുള്ള പദാർത്ഥങ്ങൾ ഉപയോഗിച്ചുള്ള പ്രിന്റിംഗ് ഈ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് നടപ്പിലാക്കാൻ തീരുമാനിച്ചു. എന്നാൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനം ചെയ്തു, പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് (ഭേദഗതി) ചട്ടം 2018 അനുസരിച്ച്, പുനചംക്രമണം ചെയ്യാൻ കഴിയുന്നതും, ഊർജ്ജം വീണ്ടെടുക്കാൻ സാധിക്കുന്നതും മറ്റ് രീതിയിൽ ഉപയോഗിക്കാൻ സാധിക്കുന്നതുമായ മൾട്ടിലെയർ പ്ലാസ്റ്റിക്കുകൾ (MLP) നിരോധിക്കാൻ സാധിക്കുന്നതല്ല. മേൽചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ പി.വി.സി ഫ്ലക്സ് നിരോധിച്ചാൽ അതിന് നിയമസാധുതയുണ്ടാകുമോ എന്ന് പരിശോധിക്കേണ്ടതുണ്ടായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നിയമ വകുപ്പിലയച്ച് പരിശോധിക്കുകയും നിയമ വകുപ്പ് നിരോധനത്തിന് അനുകൂലമായ അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതി റിട്ട് പെറ്റീഷൻ നം.15929/18 മേൽ 11.05.2018 ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഹർജിക്കാരായ സൈൻ പ്രിന്റിംഗ് ഇൻഡസ്ട്രീസ് അസോസിയേഷൻ ഭാരവാഹികളെ നേരിൽ കേട്ടശേഷം ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ സർക്കാരിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. |

| | | |
|---|---|---|
| ബി) | ഫ്ലെക്സ് ഉപയോഗത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ധ സമിതി യുടെ കണ്ടെത്തലുകളും പ്രധാന ശിപാർശകളും എന്തൊക്കെയായി രുന്നു; ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) കമ്മിറ്റിയുടെ ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>**(1)** തെരഞ്ഞെടുപ്പ് അടക്കമുള്ള യാതൊരുവിധ പരസ്യ പ്രചാരണൾങ്ങൾക്കും പിവിസി ഫ്ലക്സ് ഉപയോഗിക്കുവാനോ പ്രിന്റ് ചെയ്യുവാനോ പാടില്ല. സർക്കാർ പരിപാടികളുടേയും, സ്വകാര്യ മതപരമായ ചടങ്ങുകളുടെയും പ്രചാരണത്തിനും പിവിസി ഫ്ലക്സ് ബോർഡ്, ബാനർ ഉപയോഗിക്കുവാൻ പാടില്ല.<br>**(2)** ഫ്ലക്സിനു പകരമായി ഗവ.അംഗീകൃത പ്രകൃതി സൗഹൃദ റീസൈക്കിൾ ചെയ്യാവുന്ന പോളി എത്തിലീനോ കോട്ടൺ തുണിയോ മാത്രമേ പരസ്യ പ്രചാരണങ്ങൾക്ക് ഉപയോഗിക്കാൻ പാടുള്ളൂ. പ്ലാസ്റ്റിക് കോട്ടിങ് ഉള്ള ക്ലോത്ത് ഉപയോഗിക്കാൻ പാടില്ല.<br>**(3)** ഇത്തരം മെറ്റീരിയലിൽ പ്രിന്റ് ചെയ്യുമ്പോൾ 'റീസൈക്ലബിൾ, പിവിസി ഫ്രീ' എന്നലോഗോയും, ഉപയോഗം അവസാനിക്കുന്ന തീയതിയും (Expiry Date) പ്രിന്റ് ചെയ്യുന്ന സ്ഥാപനത്തിന്റെ പേരും, (പ്രിന്റിംഗ് നമ്പരും) നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.<br>**(4)** തീയതി വച്ചുള്ള പ്രോഗ്രാം ബാനറുകൾക്ക് പ്രോഗ്രാം അവസാനിക്കുന്ന തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും, തീയതി വയ്ക്കാത്ത സ്ഥാപനങ്ങളുടേയും മറ്റും പരസ്യങ്ങൾക്ക് പരമാവധി 90 ദിവസം പിന്നിട്ടുള്ള തീയതി ഉപയോഗം അവസാനിക്കുന്ന തീയതിയായും ആയും നിശ്ചയിക്കേണ്ടതാണ്.<br>**(5)** മേൽ പറഞ്ഞ ബാനറുകൾ പ്രിന്റ് ചെയ്യുമ്പോൾ പ്രിന്റിംഗ് നമ്പർ പതിക്കുകയും, ഈ നമ്പർ പ്രകാരം പ്രിന്റ് ചെയ്യുന്ന ഉപഭോക്താവിന്റെ മുഴുവൻ വിവരവുംസ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്.<br>**(6)** ഇങ്ങനെ പ്രദർശിപ്പിക്കുന്ന ബോർഡുകൾ, ബാനറുകൾ ഉപയോഗം അവസാനിക്കുന്ന തീയതിക്കു ശേഷം പരമാവധി 3 ദിവസത്തിനുള്ളിൽ സ്ഥാപിച്ചവർ തന്നെ പ്രിന്റ് ചെയ്ത സ്ഥാപനത്തിലേക്ക് തിരിച്ചേൽപ്പിക്കേണ്ടതാണ്.<br>**(7)** ഉപയോഗം അവസാനിക്കുന്ന തീയതി കഴിഞ്ഞ് 3 ദിവസത്തിനു ശേഷവും സ്ഥാപിച്ചവർ തന്നെ എടുത്തുമാറ്റാത്ത പക്ഷം സ്ക്വയർഫീറ്റിന് നിശ്ചിത നിരക്കിൽ സ്ഥാപിച്ചവരിൽ നിന്നും അതാത് മുനിസിപ്പാലിറ്റി / മുനിസിപ്പൽ കോർപ്പറേഷൻ/ ഗ്രാമപഞ്ചായത്ത് ഫൈൻ ഈടാക്കാവുന്നതാണ്. |

| | | |
|---|---|---|
| | | **(8)** മേൽപറഞ്ഞ മെറ്റീരിയലിൽ പ്രിന്റ് ചെയ്തുകൊടുക്കുന്ന സ്ഥാപനങ്ങൾ ഉപയോഗശേഷം തിരിച്ചെത്തിക്കുന്ന ബാനറുകൾ നിർബന്ധമായും ഉപഭോക്താവിൽ നിന്നും തിരിച്ചെടുക്കേണ്ടതാണ്.<br><br>**(9)** മേൽപറഞ്ഞ മെറ്റീരിയലിൽ പ്രിന്റ് ചെയ്യുമ്പോൾ പ്രിന്റിംഗ് തുകയ്ക്ക് പുറമേ സ്ക്വയർഫീറ്റിന് 1 രൂപ നിരക്കിൽ അഡ്വാൻസായി ഉപഭോക്താവിൽ നിന്ന് ഈടാക്കുകയും ഉപയോഗ ശേഷം അവ തിരിച്ചേൽപ്പിക്കുമ്പോൾ ആ തുക ഉപഭോക്താവിന് തിരിച്ച് നൽകുന്നതാണ്.<br><br>**(10)** ഉപയോഗശേഷം ഉപഭോക്താവിൽ നിന്നും തിരിച്ചെടുത്ത ബാനറുകൾ, പ്രിന്റിംഗ് സ്ഥാപനങ്ങൾ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നവർക്ക് തിരികെ ഏൽപ്പിക്കേണ്ട താണ്. ഈ അറിയിപ്പിന് ശേഷം ഫ്ലക്സിൽ പ്രിന്റ് ചെയ്യുകയോ മുനിസിപ്പാലിറ്റി പരിധിയിൽ ഫ്ലക്സ് ബാനർ/ബോർഡ് സ്ഥാപിക്കുകയോ ചെയ്യുന്നപക്ഷം പ്രിന്റ് ചെയ്തവരിൽ നിന്നും , അവ സ്ഥാപിച്ചവരിൽ നിന്നും സ്ക്വയർ ഫീറ്റിന് 20 രൂപ നിരക്കിൽ ഫൈൻ ഈടാക്കാവുന്നതാണ്.<br><br>കമ്മറ്റി ശുപാർശയുടെ വെളിച്ചത്തിൽ ഫ്ലക്സ് നിരോധനം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| സി) | കേരളത്തിൽ പ്രതിവർഷം ഉണ്ടാകുന്ന ഫ്ലെക്സ് മാലിന്യം എത്രയെന്ന് തിട്ടപ്പെടുത്തിയി-ട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയി-ക്കാമോ; 2017-നെ അപേക്ഷിച്ച് 2018-ൽ ഫ്ലെക്സ് മാലിന്യങ്ങൾ കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | സി) വിവരം ശേഖരിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ